

WEDNESDAY 30.08.2023 ബുധനാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor : ASA S KUMAR** **Editor : Dr. BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-30/08/2023.

1. ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും 35% മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും 50% പഴം പച്ചക്കറി ഉന്തുവണ്ടികൾക്ക് 15,000 രൂപയും 50% ധനസഹായം നൽകുന്നു. കൂടാതെ കുറഞ്ഞത് ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള നഴ്സറികൾ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും 50% കൂൺ കൃഷിക്ക് 8 ലക്ഷം രൂപയും 40% കൂൺ വിത്ത്ല്പാദനത്തിന് 6 ലക്ഷം രൂപയും 40% ധനസഹായം നൽകുന്നു കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളയുടെ ഓഫീസുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് മിഷൻ ഡയറക്ടർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ- കേരള, യൂണിവേഴ്സിറ്റി പി. ഒ തിരുവനന്തപുരം- 34 എന്ന വിലാസത്തിലോ 0471 2330856, 2330867, 9188954089 എന്നീ ഫോൺ നമ്പരുകളിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

2. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കീഴിൽ പുനലൂരിൽ പ്രവർത്തിക്കുന്ന കേരള അഗ്രോ ഫുഡ്സ് പ്രോഡക്സിൽ മാംഗോ ജ്യൂസ്, പൈനാപ്പിൾ സിറപ്പ്, ജാം, അച്ചാറുകൾ, തേനിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ ഉത്പാദിപ്പിക്കുന്നു. "***ജ്യോതി***" എന്ന ബ്രാൻഡിൽ വിപണിയിൽ ഇറക്കുന്ന ഈ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി കേരളത്തിലുടനീളം വിതരണക്കാരെ ആവശ്യമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0471 2471343, 2471344, 2471345 എന്നീ ഫോൺനമ്പരുകളിലോ mdofficekaic@gmail.com എന്ന ഇ- മെയിലിലോ, www.keralaagro.com എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

3 തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ ,അടുത്തമാസം വിൽപനക്കുള്ള കോഴികുഞ്ഞുങ്ങൾ കുഞ്ഞ് ഒന്നിന് 160 രൂപ നിരക്കിൽ ബുക്കിംഗ് ആരംഭിച്ചു. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9400483754

5. കേരളത്തിലെ ജൈവവൈവിദ്ധ്യങ്ങളും, ഗോത്രസംസ്ക്കാരങ്ങളും, നേരിട്ട് കണ്ടും, കേട്ടും ആസ്വദിക്കുവാൻ, കേരള സർക്കാർ വനം വന്യജീവി വകുപ്പിന്റെ കുളത്തൂപ്പുഴയിലെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം. ഇൻഫർമേഷൻ സെന്റർ, ടിംബർ മ്യൂസിയം, എക്സിബിഷൻ ഹാളുകൾ, ട്രൈബൽ ഹട്ടുകൾ,

നിർമ്മിത ബുദ്ധിയിൽ ഒരുക്കിയിരിയ്ക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് റൂം, വന്യ ജീവികളുടെ അടുത്തു നിൽക്കുന്ന പ്രതീതി ഉളവാക്കുന്ന ഓഗ് മെന്റന്റഡ് റിയാലിറ്റി, ഭക്ഷണശാല, ഇക്കോഷോപ്പ് എന്നിവയാണ് ആകർഷണങ്ങൾ. രാവിലെ 10 മണി മുതൽ വൈകിട്ട് ആറുമണിവരെ പ്രവേശനം. മുതിർന്നവർക്ക് 50 രൂപയും കുട്ടികൾക്ക് 25 രൂപയും പ്രവേശനഫീസ്. കൂടുതൽ വിവരങ്ങൾക്ക് 8547600962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. റബ്ബർബോർഡ് നടത്തുന്ന വെർച്വൽ ട്രേഡ് ഫെയറി (വിടിഎഫ്)-ന്റെ നാലാം പതിപ്പിന് 2023 ഒക്ടോബറിൽ തുടക്കം കുറിക്കുന്നു. ഇന്ത്യൻ റബ്ബറുത്പന്നനിർമ്മാതാക്കൾക്ക് അവരുടെ ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്കിടയിൽ കുറഞ്ഞ ചെലവിൽ പ്രദർശിപ്പിക്കുന്നതിനും ബ്രാൻഡ് നിർമ്മാണത്തിനുമുള്ള അവസരം റബ്ബർബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്ന വെർച്വൽ ട്രേഡ് ഫെയർ ഒരുക്കുന്നു. ആഭ്യന്തര-അന്തർദേശീയ വിപണികളിൽ രാജ്യത്തെ റബ്ബറുത്പന്നങ്ങൾ എത്തിക്കുന്നതിനുള്ള ചെലവ് കുറഞ്ഞ ഡിജിറ്റൽ പ്ലാറ്റ്ഫോമായാണ് വെർച്വൽ ട്രേഡ് ഫെയർ. വിടിഎഫ് നാലാംപതിപ്പിൽ ഒരു വർഷത്തേക്കുള്ള സ്റ്റാൾ വാടക 5000 രൂപ( 18% ജിഎസ്ടി പുറമെ)യാണ്. റബ്ബറിന്റെയും റബ്ബറുത്പന്നങ്ങളുടെയും കയറ്റുമതിക്കാർക്ക് നാലാം പതിപ്പിനായി ഇപ്പോൾ സ്റ്റാളുകൾ ബുക്ക് ചെയ്തുതുടങ്ങാം. ബന്ധപ്പെടേണ്ട നമ്പർ: 0481 2353790/2353311 ഇമെയിൽ: marketpromotion@rubberboard.org.in

7. കാർഷിക നിർദ്ദേശം- ഇഞ്ചിയിലെ വാട്ട രോഗത്തിന് ഒരു സെന്റിന് എന്നീമൂന്നുകിലോ വീതം കുമ്മായം മണ്ണിൽ ചേർത്തിളക്കുക. ട്രൈക്കോഡർമ, സ്യൂഡോമോണസ് ജീവാണുക്കൾ ഉപയോഗിക്കുക. രോഗം വന്ന ചെടികൾ പിഴുതുമാറ്റി ഒരുശതമാനം വീര്യമുള്ളബോഡോമിശ്രിതം കൊണ്ട് കുതിർക്കുക.